പത്രക്കുറിപ്പ്
22-12-2017

## മലബാർ ക്യാൻസർ കെയർ സെന്ററിൽ ആതുര പരിചരണത്തിന് കുടുംബശ്രീ വനിതകൾ

തിരുവനന്തപുരം: മലബാർ ക്യാൻസർ കെയർ സെന്ററിൽ രോഗികൾക്ക് വിവിധ സേവനങ്ങളും പരിചരണവും നൽകുന്നതിന് ഇനി കുടുംബശ്രീ വനിതകളും. ആരോഗ്യ സംരക്ഷണ രംഗത്ത് ഹെൽത്ത് കെയർ സെക്ടർ സ്കിൽ കൗൺസിലിന്റെ കീഴിൽ നൈപുണ്യ പരിശീലനം ലഭിച്ച 44 വനിതകളാണ് ഇവിടെ സേവനത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ളത്. ക്യാൻസർ സെന്ററിലെത്തുന്ന രോഗികൾക്കും അനുഗമിക്കുന്നവർക്കും അടിസ്ഥാന സഹായങ്ങൾ നൽകുന്ന ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളിൽ വിദഗ്ധ പരിശീലനം ലഭിച്ച കുടുംബശ്രീ വനിതകൾ ഫ്രണ്ട് ഓഫീസ് സേവനം നൽകും. വാർഡുകളിൽ നേഴ്സുമാരെ സഹായിക്കുന്നതിനും രോഗികളെ പരിശോധനകൾക്കും മറ്റും കൊണ്ടു പോകുന്നതിനും നൈപുണ്യ പരിശീലനം ലഭിച്ച 30 വനിതകളും സേവനത്തിനുണ്ടാകും.

കൂടാതെ ആതുരരംഗത്തെ വിവിധ സേവനങ്ങളും കരാറടിസ്ഥാനത്തിൽ കുടുംബശ്രീ ഇവിടെ ലഭ്യമാക്കും. ഇത്തരം സേവനങ്ങൾ നൽകുന്നതിനായി ഹ്യൂമൺ ആം എന്ന പേരിൽ നൈപുണ്യ പരിശീലനം ലഭി ച്ച വനിതകളുടെ ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. കുടുംബശ്രീ സംസ്ഥാനത്തെ നഗര പ്രദേശങ്ങ ളിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നഗര ഉപജീവന മിഷന് കീഴിലാണ് ഇവർക്ക് നൈപുണ്യ പരിശീലനം നൽകുന്നത്. ഈ പദ്ധതിക്കു കീഴിൽ 73 വ്യത്യസ്ത കോഴ്സുകളിൽ പരി ശീലനം നൽകുന്നു. ആകെ 45 പരിശീലന ഏജൻസികൾ വഴി കേരളത്തിലെ 93 നഗരങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 15000 യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പരിശീലനത്തിന് ശേഷം ശമ്പളാടി സ്ഥാനത്തിലുള്ള തൊഴിലോ സ്വയം തൊഴിലോ കണ്ടെത്തുന്നതിനായി 4 ശതമാനം പലിശ നിരക്കിൽ വ്യക്തിക്ക് 2 ലക്ഷം രൂപ വരെയും യുവസംരംഭകരുടെ സംഘത്തിന് പത്ത് ലക്ഷം രൂപ വരെയും ധനസഹായവും ലഭ്യമാക്കും.

എട്ടാം ക്ലാസ് പൂർത്തിയാക്കിയവർക്ക് മുതൽ ബിരുദ പഠനം കഴിഞ്ഞവർക്ക് വരെ അവരുടെ യോഗ്യതയ്ക്കനുസൃതമായ വ്യത്യസ്തമായ നിരവധി കോഴ്സുകളിൽ പരിശീലനം നൽകുന്നു. മൂന്ന് മാസം മുതൽ എട്ട് മാസം വരെയാണ് കോഴ്സുകളുടെ കാലാവധി. എൻസിവിടി (നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയ്നിങ്) അല്ലെങ്കിൽ എൻഎസ്ഡിസി (നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ) അംഗീകാരമുള്ള കോഴ്സുകളാണിത്. പരിശീലനാർത്ഥികൾക്ക് സെന്ററുകളിൽ തന്നെ താമസിച്ച് പരിശീല നം നേടാനുള്ള സൗകര്യവുമുണ്ട്. താമസവും ഭക്ഷണവും സൗജന്യമാണ്. പരിശീലനാ ർത്ഥികൾക്ക് അവരുടെ അഭിരുചിക്കിണങ്ങുന്ന കോഴ്സുകൾ പ്രാദേശിക കേന്ദ്രങ്ങളിൽ ലഭ്യമല്ലാത്ത പക്ഷം നഗരങ്ങൾക്ക് പുറത്ത് റസിഡൻഷ്യൽ പരിശീലനത്തിന് പ്രവേശനം നൽകും. അതാത് നഗരസഭകളിലെ ദേശീയ നഗര ഉപജീവന ദൗത്യം യൂണിറ്റുമായി ബന്ധപ്പെട്ടാൽ വിശദവിവരങ്ങൾ ലഭിക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ